അധികാരനഷ്ടത്തിന്റെ സങ്കടത്തിനുള്ള മരുന്ന് മാത്രമേ ഇല്ലാതുള്ളു

തിരുവനന്തപുരം: കഴിഞ്ഞ സർക്കാരിന്റെ പിടിപ്പുകേടാണ് സംസ്ഥാനത്തെ മരുന്ന് ക്ഷാമത്തിന് കാരണമെന്ന് ആരോഗ്യ മന്ത്രി കെ മുരളീധരൻ നിയമസഭയിൽ. അധികാരനഷ്ടത്തിന്റെ സങ്കടത്തിനുള്ള മരുന്ന് മാത്രമേ സ്റ്റോക്കില്ലാതെയുള്ളുവെന്ന മന്ത്രിയുടെ പരിഹാസം നിയമസഭയിൽ ബഹളത്തിന് ഇടയാക്കി. ആരോഗ്യമേഖലയിലെ വിവിധ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പ്രതിപക്ഷം നൽകിയ അടിയന്തരപ്രമേയ നോട്ടീസിന് മറുപടി നൽകുന്നതിനിടെയായിരുന്നു മന്ത്രിയുടെ പരിഹാസം.

മന്ത്രിയെന്ന നിലയിൽ ഇത്തരത്തിൽ മറുപടി നൽകുന്നത് ശരിയല്ലെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. സഭയിൽ സ്വീകരിക്കാൻ പാടില്ലാത്ത കാര്യങ്ങൾ പറയുമ്പോൾ സ്പീക്കർ ഇടപെടണമെന്നും പിണറായി വിജയൻ ഓർമ്മിപ്പിച്ചു. മരുന്നു വാങ്ങലിനുപിന്നിലെ ഡീലുകൾ പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട പിണറായി വിജയൻ, വൻകിട കോർപ്പറേറ്റ് ആശുപത്രികൾക്ക് ചികിത്സാരംഗം അടിയറവു വയ്ക്കാനുള്ള ശ്രമമാണോ നടക്കുന്നതെന്നും സംശയം പ്രകടിപ്പിച്ചു.

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാല്യം: 62 ലക്കം: 184 2026 ഒക്ടോബർ 13 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

എന്തിനുവേണ്ടി വിനിയോഗിക്കുന്നു എന്നതിലാണ് യഥാർത്ഥ മൂല്യം: പ്രധാനമന്ത്രി നരേന്ദ്ര മോദി

ന്യൂഡൽഹി: ഇന്ത്യ ജനാധിപത്യത്തിന്റെ മാതാവും സ്വതന്ത്ര മാദ്ധ്യമങ്ങളുടെ രാജ്യവുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡൽഹിയിൽ നടന്ന ബ്ലൂംബെർഗ് ന്യൂ ഇക്കണോമി ഫോറത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

'ഇന്ത്യ ജനാധിപത്യത്തിന്റെ മാതാവാണ്. രാജ്യത്ത് നൂറിലധികം ഭാഷകളുണ്ട്. 80,000ത്തിലധികം പത്രങ്ങളും പ്രസിദ്ധീകരണങ്ങളും ആയിരത്തിലേറെ സാറ്റ്ലൈറ്റ് ചാനലുകളുമുണ്ട്. മാത്രമല്ല ഇന്ത്യയിൽ 500 മില്യണിലേറെ യൂട്യൂബ് ഉപഭോക്താക്കളാണുള്ളത്. അതിനാൽ സ്വതന്ത്ര മാദ്ധ്യമങ്ങളുടെ രാജ്യമാണിത്. അടുത്തകാലത്തായി രാജ്യത്തിന്റെ പുരോഗതിയിൽ ഡിജിറ്റൽ ശക്തി പ്രധാന പങ്കുവഹിച്ചിട്ടുണ്ട്'– പ്രധാനമന്ത്രി പറഞ്ഞു.

അധികാരം കൈവശം വയ്ക്കുന്നതിലല്ല, അത് എന്തിനുവേണ്ടി വിനിയോഗിക്കുന്നു എന്നതിലാണ് യഥാർത്ഥ മൂല്യമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സാങ്കേതിക വിദ്യ, ഡാറ്റ, അറിവ്, നൂതന ആശയങ്ങൾ എന്നിവയാണ് ശക്തിയുടെ പ്രധാന സ്രോതസുകളെന്ന് ചൂണ്ടിക്കാട്ടിയ മോദി ഈ ശക്തി ആർക്കാണ് ലഭിക്കുന്നത് എന്നതിലുപരി അത് ജനങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി എങ്ങനെ വിനിയോഗിക്കുന്നു എന്നതിലാണ് കാര്യമെന്നും കൂട്ടിച്ചേർത്തു.

നിയന്ത്രിക്കുന്നതിനേക്കാൾ ശാക്തീകരിക്കുന്നതിനും മത്സരിക്കുന്നതിനേക്കാൾ സഹകരിക്കുന്നതിനും സ്വന്തം വിജയത്തേക്കാൾ മറ്റുള്ളവരുടെ വിജയത്തിന് വഴിയൊരുക്കുന്നതിനും മുൻഗണന നൽകണമെന്ന സന്ദേശവുമായി 'പവർ ടു എംപവർ' എന്ന ആശയവും അദ്ദേഹം പങ്കുവച്ചു.

സാങ്കേതികരംഗത്തെ പുരോഗതി ഉൾപ്പെടെയുള്ളവയുടെ പ്രയോജനം ഏതാനും വ്യക്തികളിൽ മാത്രം ഒതുങ്ങാതെ സമൂഹത്തിലെ എല്ലാവരിലേക്കും എത്തിക്കുകയാണ് വേണ്ടതെന്ന് പറഞ്ഞ പ്രധാനമന്ത്രി ഇന്ത്യയുടെ സാങ്കേതികശേഷി മറ്റു രാജ്യങ്ങൾക്കും പുതിയ സാദ്ധ്യതകൾ തുറന്നുകൊടുക്കാൻ സഹായിക്കുമെന്നും കൂട്ടിച്ചേർത്തു.

'ഖാർഗെയുടെ ഐഡി കാർഡിന്റെ പകർപ്പ് അവ്യക്തം'; രാഹുൽ ഗാന്ധിയുടെ ഹരജിയിലെ 'പിഴവുകൾ' പുറത്തുവിട്ട് സുപ്രീംകോടതി

ന്യൂഡൽഹി: വോട്ട് ചോർച്ച ആരോപണത്തിലും വോട്ടർ പട്ടിക പരിഷ്കരണത്തിലും (എസ്ഐആർ) തെരഞ്ഞെടുപ്പ് കമ്മീഷനെതിരെ രാഹുൽ ഗാന്ധി നൽകിയ ഹരജിയിൽ 14 സാങ്കേതിക പിഴവുകളെന്ന് സുപ്രീംകോടതി. കോർട്ട് ഫീസായി 220 രൂപ കുറവാണെന്നും രജിസ്ട്രി ചൂണ്ടിക്കാട്ടി.

രാഹുൽ ഗാന്ധിക്ക് ഒപ്പം ഒമ്പത് പ്രതിപക്ഷ നേതാക്കളുടെ അംഗീകാരപത്രം ഇല്ലെന്നതാണ് പ്രധാന പിഴവ്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ ഐഡി കാർഡിന്റെ പകർപ്പ് അവ്യക്തമാണെന്നും കോടതി പറഞ്ഞു. ചില വക്കാലത്തുകൾ ഹാജരാക്കിയില്ല, ചില രേഖകൾ ചെറിയ ഫോണ്ടിൽ നൽകി, രണ്ട് രേഖകളുടെ കളർ കോപ്പി ഇല്ല, ചില പേജുകൾ മങ്ങിയതാണ്, പേജ് നമ്പറിൽ തെറ്റുണ്ട് തുടങ്ങിയവയാണ് മറ്റ് പിഴവുകൾ. ഇവ പരിഹരിച്ചാൽ മാത്രമേ ഹരജി വാദം കേൾക്കാൻ പരിഗണിക്കുവെന്നും കോടതി പറഞ്ഞു.

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെതിരെ ഡൽഹിയിൽ പ്രതിപക്ഷത്തിന്റെ വലിയ മാർച്ച് നടക്കുന്നതിനിടെയാണ് ഹരജി ഫയൽ ചെയ്തത്. രാഹുൽ ഗാന്ധി, മല്ലികാർജുൻ ഖാർഗെ, അഖിലേഷ് യാദവ്, തേജസ്വി യാദവ്, സൗഗത റോയ്, സുപ്രിയ സുലെ, സഞ്ജയ് റൗട്ട്, ഡി രാജ, മഹുവ മാഝി, എംഎ ബേബി, ഇടി മുഹമ്മദ് ബഷീർ തുടങ്ങിയവരാണ് ഹരജിക്കാർ. തെരഞ്ഞെടുപ്പ് കമ്മീഷനും മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറും കമ്മീഷണർമാരായ സുഖ്ബീർ സിംഗ് സന്ധു, വിവേക് ജോഷി എന്നിവരുമാണ് എതിർകക്ഷികൾ.

എസ്ഐആറുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഹാജരാക്കണം. എസ്ഐആർ തീരുമാനത്തിന്റെ ഭരണഘടനാ സാധുത പരിശോധിക്കണം. ഉദ്യോഗസ്ഥർക്കെതിരെ നടപടി വേണം, സ്വതന്ത്ര സമിതി ഓഡിറ്റ് നടത്തണം എന്നിവയടക്കം പത്ത് ആവശ്യങ്ങളാണ് ഹരജിയിൽ ഉന്നയിച്ചിരിക്കുന്നത്. 'രാഹുൽ ഗാന്ധി'െ തെരഞ്ഞെടുപ്പ് കമ്മീഷൻ' എന്ന പേരിലാണ് ഹരജി രജിസ്റ്റർ ചെയ്തിരിക്കുന്നത്.

ജനാധിപത്യത്തിനായി മാർച്ച് എന്ന പേരിൽ ഇന്ത്യ മുന്നണി നേതാക്കൾ സെൻട്രൽ ഡൽഹിയിൽ നിന്ന് തിങ്കളാഴ്ച സുപ്രീംകോടതിയിലേക്ക് മാർച്ച് നടത്തിയിരുന്നു. വോട്ട് മോഷണം അവസാനിപ്പിക്കണം, മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ രാജിവെക്കണം, എസ്ഐആർ നിർത്തണം, പേപ്പർ ബാലറ്റ് തിരികെ കൊണ്ടുവരണം എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ചീഫ് ജസ്റ്റിസ് സൂര്യകാന്തിനെ കാണാൻ അനുമതി തേടിയെങ്കിലും കേസ് കോടതിയുടെ പരിഗണനയിലാണെന്ന് പറഞ്ഞ് അദ്ദേഹം കൂടിക്കാഴ്ചക്ക് വിസമ്മതിച്ചു. സാധാരണക്കാരനായാലും ജനപ്രതിനിധിയായാലും സുപ്രീംകോടതിയുടെ വാതിലുകൾ തുറന്നിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

വിജയ്ക്കൊപ്പം പോയ ആറ് എം.എൽ.എമാർക്ക് ആശ്വാസം; അയോഗ്യതാ നടപടിയിൽ നിർണായക ഉത്തരവുമായി മദ്രാസ് ഹൈകോടതി

ചെന്നൈ: വിജയ്‌യുടെ രാഷ്ട്രീയ പ്രവേശനത്തിനു പിന്നാലെ തമിഴ്നാട്ടിൽ പാർട്ടി മാറ്റവും എം.എൽ.എമാരുടെ രാജിയും സജീവമാകുകയാണ്. ഇതിനിടെ ടി.വി.കെയിൽ ചേർന്ന ആറ് എ.ഐ.എ.ഡി. എം. കെ എം. എൽ. എമാരുടെ രാജി അംഗീകരിച്ച നടപടി ശരിവെച്ച് മദ്രാസ് ഹൈകോടതി. അതേസമയം, പാർട്ടി വിപ്പ് ലംഘിച്ചെന്ന പരാതിയിൽ ഇവർക്കെതിരായ അയോഗ്യതാ നടപടികൾ രണ്ടുമാസത്തിനകം പൂർത്തിയാക്കാനും കോടതി നിർദേശിച്ചു. രാജി അംഗീകരിച്ച സ്പീക്കർ ജെ.സി.ഡി. പ്രഭാകറിന്റെ തീരുമാനത്തിനെതിരായ ഹരജിയിലാണ് ഹൈകോടതിയുടെ ഉത്തരവ്.

മരതം കുമാരവേൽ, സത്യഭാമ, ഇസക്കി സുബ്ബയ്യ, ജയകുമാർ, എം.ആർ. വിജയഭാസ്കർ, സി. വിജയഭാസ്കർ എന്നിവരാണ് രാജിവെച്ച് ടി.വി.കെയിൽ ചേർന്നത്. ഈ വർഷം നിയമസഭാ തെരഞ്ഞെടുപ്പിന് പിന്നാലെയായിരുന്നു ഇവരുടെ രാജിയും പാർട്ടി മാറ്റവും.

രാജി അംഗീകരിക്കുന്നതിന് മുമ്പ് സ്പീക്കർ മതിയായ അന്വേഷണം നടത്തിയില്ലെന്നും എം.എൽ.എമാർക്കെതിരായ അയോഗ്യതാ നടപടികൾ നിലനിൽക്കെ രാജി അംഗീകരിച്ചത് ശരിയല്ലെന്നുമായിരുന്നു ഹരജിക്കാരന്റെ വാദം. എ.ഐ. എ.ഡി.എം.കെയുടെ വിപ്പ് ചുമതലയുള്ള അഗ്രി എസ്. കൃഷ്ണമൂർത്തിയും മറ്റുള്ളവരുമാണ് സ്പീക്കറുടെ തീരുമാനത്തെ ചോദ്യം ചെയ്ത് കോടതിയെ സമീപിച്ചത്.

ഇടുക്കിയിൽ പൂച്ചപ്പുലി വാഹനമിടിച്ച് ചത്തു; പുലിപ്പേടിക്ക് ശമനം?

ഇടുക്കി: ഏലപ്പാറയിൽ വാഹനമിടിച്ച് ചത്ത നിലയിൽ പൂച്ചപ്പുലിയെ കണ്ടെത്തി; വനം വകുപ്പ് ജഡം പോസ്റ്റ്മോർട്ടത്തിനായി മാറ്റി.

ഇടുക്കി ഏലപ്പാറയിൽ പൂച്ചപ്പുലി ചത്ത നിലയിൽ. ഇന്നലെ രാത്രി വാഹനമിടിച്ചാണ് ചത്തതെന്നാണ് വനംവകുപ്പിന്റെ നിഗമനം. ജഡം പോസ്റ്റുമോർട്ടത്തിനായി മാറ്റി. ഏതാനും ദിവസങ്ങളായി ഏലപ്പാറ പ്രദേശത്ത് പുലിയിറങ്ങിയതായി അഭ്യൂഹമുണ്ടായിരുന്നു. പൂച്ചപ്പുലിയെ കണ്ടവരാണോ പുലിയെന്ന് ഭയന്നതെന്ന് സംശയമുണ്ട്. ഇതുവരെ പുലിയുടെ കാൽപ്പാടുകളോ മറ്റ് തെളിവുകളോ കണ്ടെത്താനായിട്ടില്ലെന്നാണ് വനംവകുപ്പിന്റെ നിലപാട്.

പൂച്ചപ്പുലി അഥവാ പുലിപ്പൂച്ച ഏഷ്യയിൽ കണ്ടുവരുന്ന കാട്ടുപൂച്ചയാണ്. പുലിയെപ്പോലെ പുള്ളികളുള്ളതിനാലാണ് ഈ പേര് വന്നത്. കേരളത്തിലെ വനങ്ങളിലും ഇവയെ കണ്ടുവരുന്നുണ്ട്. വീട്ടിൽ വളർത്തുന്ന പൂച്ചയുടെ ഏകദേശ വലിപ്പവും നീളമുള്ള കാലുകളും ഇവയ്ക്കുണ്ട്. ശരീരത്തിന് 38 സെന്റിമീറ്റർ മുതൽ 66 സെന്റിമീറ്റർ വരെ നീളമുണ്ടാകും. ഇന്ത്യക്ക് പുറമേ കൊറിയ, ചൈന തുടങ്ങിയ ഏഷ്യൻ രാജ്യങ്ങളിൽ ഇവയെ കാണാറുണ്ട്. ഒറ്റയ്ക്ക് ജീവിക്കാൻ ഇഷ്ടപ്പെടുന്നവയും രാത്രികാലങ്ങളിൽ പ്രധാനമായും ഇരതേടുന്നവയുമാണ്.

2017 ലെ ഐയുസിഎൻ ക്യാറ്റ് സ്പെഷ്യലിസ്റ്റ് ഗ്രൂപ്പിന്റെ പരിഷ്കരിച്ച വർഗ്ഗീകരണ പ്രകാരം പുലിപ്പൂച്ചയ്ക്ക് രണ്ട് ഉപവർഗ്ഗങ്ങളുണ്ട്. ഒന്ന് പ്രധാന ഏഷ്യൻ ഭൂഖണ്ഡത്തിൽ കാണപ്പെടുന്ന പ്രയോണൈലൂറസ് ബംഗാളൻസിസ് ബംഗാളൻസിസ്, രണ്ടാമത്തേത് സുന്ദ ദ്വീപുകളിൽ കാണപ്പെടുന്ന പ്രയോണൈലൂറസ് ബംഗാളൻസിസ് ജാവൻസിസ്.

മുതിർന്ന പുലിപ്പൂച്ചകൾക്ക് സാധാരണയായി ഒന്നര കിലോഗ്രാം മുതൽ നാല് കിലോഗ്രാം വരെയാണ് ശരാശരി ഭാരം. വടക്കൻ മേഖലകളിൽ ഏഴ് കിലോഗ്രാം വരെ ഭാരം വയ്ക്കാറുണ്ട്. സമുദ്രനിരപ്പിൽ നിന്ന് നാലായിരം മീറ്ററിലധികം ഉയരമുള്ള ഹിമാലയൻ പ്രദേശങ്ങളിൽ വരെ ഇവയുടെ സാന്നിധ്യം രേഖപ്പെടുത്തിയിട്ടുണ്ട്.

'എന്റെ മണ്ഡലത്തിൽപ്പെട്ട ആളല്ല, രക്ഷിക്കാൻ ഒരു മന്ത്രിയും ഇടപെടില്ല';

പ്രതിക്ക് ഏറ്റവും വലിയ ശിക്ഷ നൽകുമെന്ന് ചെന്നിത്തല

തിരു: നെടുമ്പാശേരിയിലെ മിനി കൂപ്പർ അപകടത്തിലെ പ്രതിയെ രക്ഷിക്കാൻ ആര് ശ്രമിച്ചാലും നടക്കില്ലെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. പ്രതിയായ സുഹൈലിനെ ബോസ്റ്റൽ സ്കൂളിൽ അയച്ചത് പൊലീസ് അല്ലെന്നും കോടതിയാണെന്നും ചെന്നിത്തല വ്യക്തമാക്കി. വാർത്താസമ്മേളനത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

'21 വയസിൽ താഴെയുള്ള കുറ്റവാളികളെ പാർപ്പിക്കുന്നത് ബോസ്റ്റൽ സ്കൂളിലാണ്. അതാണ് നിയമം. അതിന്റെ അർത്ഥം പ്രതി കേസിൽ നിന്ന് രക്ഷപ്പെട്ടുവെന്നല്ല. നിയമം അനുശാസിക്കുന്ന എല്ലാ ശിക്ഷയും ആ വ്യക്തിക്ക് നൽകാനുള്ള നടപടിയാണ് പൊലീസ് സ്വീകരിക്കുന്നത്. മരിച്ചവരുടെ കുടുംബത്തിന് ഒരുതരത്തിലുള്ള ആശങ്കയും വേണ്ട. ആളുകൾ ആരോക്കയോ എന്തൊക്കയോ പറഞ്ഞ് അവരെ തെറ്റിദ്ധരിപ്പിക്കുന്നു.

ആഭ്യന്തരമന്ത്രി എന്ന നിലയിൽ ഞാൻ പറയുന്നു ഈ പ്രതിക്ക് കൊടുക്കാൻ കഴിയാവുന്ന ഏറ്റവും വലിയ ശിക്ഷ തന്നെ നൽകും. അതിൽ ഒരു സംശയവും വേണ്ട. ആലപ്പുഴ ജില്ലക്കാരനാണെന്ന് പറയുന്നു. ഏത് ജില്ലക്കാരനായാൽ എന്താണ്. രക്ഷിക്കാൻ ഒരു മന്ത്രിയും ഇടപെടില്ല. എന്റെ മണ്ഡലത്തിൽപ്പെട്ട ആളല്ല. അതെല്ലാം വെറുതെ പറയുന്നതാണ്. രക്തം പരിശോധിച്ച് റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ മദ്യപിച്ച വിവരം രേഖപ്പെടുത്താൻ കഴിയൂ. നിയമപരമായി മാത്രമേ എല്ലാം ചെയ്യാൻ പറ്റൂ. മരിച്ചവരുടെ കുടുംബത്തിന്റെ ആശങ്കകൾ ഞങ്ങൾ പരിഗണിക്കുന്നു. എന്റെ ജില്ലയിൽപ്പെട്ട ആളാണ് പ്രതി. പക്ഷേ പ്രതിയെ രക്ഷിക്കാൻ ഒരു നീക്കവും ഉണ്ടാകില്ല'– രമേശ് ചെന്നിത്തല വ്യക്തമാക്കി.

നെടുമ്പാശേരി അപകടത്തിൽ കേസ് അട്ടിമറിക്കാൻ നീക്കമുണ്ടെന്നും പ്രതിയെ രക്ഷിക്കാൻ ശ്രമം നടക്കുന്നതായും മരിച്ച ഗോപികയുടെ കുടുംബം ആരോപിച്ചിരുന്നു. ഗുരുതരമായ കുറ്റം ചെയ്തിട്ടും പ്രതി സുഹൈൽ സജീവിനെ ജുവനൈൽ ഹോമിലേക്കയച്ചു. നീതി കിട്ടുമോയെന്ന് ആശങ്കയുണ്ടെന്നും കുടുംബം മാദ്ധ്യമങ്ങളോട് പറഞ്ഞിരുന്നു. ആഭ്യന്തര മന്ത്രിയുടെ മണ്ഡലത്തിലുള്ളയാളാണ് പ്രതി. രണ്ട് മന്ത്രിമാരുള്ള സ്ഥലമാണ്. ഏതെങ്കിലും തരത്തിൽ സ്വാധീനമുപയോഗിക്കുമെന്ന സംശയമുണ്ടെന്നും കുടുംബം ആശങ്ക ഉയർത്തിയിരുന്നു.

സുഹൈൽ മദ്യപിച്ച് വാഹനമോടിച്ച് അപകടമുണ്ടാക്കിയെന്ന് റിമാൻഡ് റിപ്പോർട്ട്

സുഹൈലാണ് കേസിലെ ഒന്നാം പ്രതി. ആകെ നാലുപേരാണ് പ്രതിപ്പട്ടികയിലുള്ളത്. മനുഷ്യജീവന് അപകടമുണ്ടാകുമെന്ന് അറിഞ്ഞുകൊണ്ടാണ് സുഹൈൽ വാഹനം ഓടിച്ചതെന്ന് റിമാൻഡ് റിപ്പോർട്ടിൽ പറയുന്നു

നെടുമ്പാശേരിയിൽ മൂന്നുപേരുടെ മരണത്തിനിടയാക്കിയ വാഹനാപകടക്കേസിൽ നിർണായക വിവരങ്ങളുമായി പൊലീസിന്റെ റിമാൻഡ് റിപ്പോർട്ട്. റിപ്പോട്ടിന്റെ പകർപ്പ് പുറത്തുവന്നു. സുഹൈലാണ് കേസിലെ ഒന്നാം പ്രതി. ആകെ നാലുപേരാണ് പ്രതിപ്പട്ടികയിലുള്ളത്. മനുഷ്യജീവന് അപകടമുണ്ടാകുമെന്ന് അറിഞ്ഞുകൊണ്ടാണ് സുഹൈൽ വാഹനമോടിച്ചത്. സുഹൈൽ മദ്യപിച്ച് വാഹനമോടിക്കുന്നത് തടയാൻ രണ്ട് മുതൽ നാല് വരെ പ്രതികൾ ശ്രമിച്ചില്ലെന്നു മാത്രമല്ല, കൂടുതൽ വേഗത്തിൽ വാഹനമോടിക്കാൻ ഇവർ പ്രേരിപ്പിച്ചെന്നും റിപ്പോർട്ടിൽ പറയുന്നു.

അതേസമയം, അപകടത്തിൽ മരിച്ച പാലക്കാട് സ്വദേശിനി ഗോപികയുടെ കുടുംബം പൊലീസ് അന്വേഷണം ശരിയായ ദിശയിലല്ലെന്ന് ആരോപിച്ചു. മദ്യപിച്ച് വാഹനമോടിച്ച് മൂന്നുപേരുടെ മരണത്തിനിടയാക്കിയ സംഭവത്തിൽ കേസ് അട്ടിമറിക്കപ്പെടുമോയെന്നാണ് കുടുംബത്തിന്റെ ആശങ്ക. പ്രതി മദ്യപിച്ചിരുന്ന കാര്യം ആദ്യ എഫ്ഐആറിൽ ഉൾപ്പെടുത്തിയിരുന്നില്ലെന്നും പ്രതിക്കെതിരെ കൊലക്കുറ്റം ചുമത്തണമെന്നും ആഭ്യന്തരമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് നീതി ഉറപ്പാക്കണമെന്നും ഗോപികയുടെ പിതാവ് പ്രദീപ് കുമാർ ആവശ്യപ്പെട്ടു. കേസിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും അന്വേഷണം സുതാര്യമായി മുന്നോട്ടുപോകണമെന്നുമാണ് കുടുംബത്തിന്റെആവശ്യം.

അതേസമയം, 23 വയസ്സ് തികയാത്തവർക്ക് മദ്യം നൽകുന്ന ബാറുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് എക്സൈസ് മന്ത്രി എം. ലിജു വ്യക്തമാക്കി. നെടുമ്പാശേരി വാഹനാപകടക്കേസിലെ പ്രതിക്ക് മദ്യം നൽകിയ ബാറുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പ്രായപരിധി സംബന്ധിച്ച ചട്ടങ്ങൾ ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ തുടർന്നും കർശന നടപടിയുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

സിജെപിയെ വിശ്വസിക്കരുതെന്ന് പി സരിൻ, പറഞ്ഞതിന്റെ ചൂടാറുംമുമ്പ് ഖേദപ്രകടനവും

ന്യൂഡൽഹി: സിജെപിയെ രൂക്ഷമായി വിമർശിച്ച് സിപിഎം നേതാവ് പി സരിൻ. സിജെപിയെ വിശ്വസിക്കരുതെന്നും ആ പ്രസ്ഥാനം ഗൂഢാലോചനയാണെന്നുമാണ് സരിൻ ഒരു വാർത്താചാനലിനോട് പറഞ്ഞത്. മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ട് ഇന്ത്യാ സഖ്യം മാർച്ച് നടത്തുന്നതിനിടെയായിരുന്നു സരിന്റെ പ്രതികരണം. ഇന്ത്യാ സഖ്യത്തിന്റെ സമരത്തിൽ സിജെപി പങ്കെടുക്കാത്തതിനെയും സരിൻ വിമർശിച്ചു.

'സിജെപി ഗൂഢാലോചനയാണെന്ന് ഇന്ത്യൻ ജനാധിപത്യത്തിന് പതിയെ വെളിവാകും. പാർലമെന്റിൽപോയി ജന്തർ മന്ദറിൽ സമരമിരിക്കാൻ അനുവാദം ചോദിക്കുകയാണ്. ആർക്കുവേണ്ടിയാണ് നാടകം കളിക്കുന്നത്. നാടകത്തിൽ നമുക്ക് വിശ്വാസമില്ല. ഈ രാജ്യത്തിന്റെ ഭരണഘടനയെ എങ്ങനെ സംരക്ഷിക്കണമെന്ന് നാളുകളായി രാഷ്ട്രീയം പറയുന്ന, പയറ്റുന്ന മനുഷ്യർക്ക് അറിയാം. ഇന്നലെ വന്നവർക്ക് പുതിയ തലമുറയോട് എന്തൊക്കെയോ പറയാൻ പറ്റിക്കാണും.

ഈ രാജ്യം എങ്ങനെ ഉണ്ടായി എന്നതിന്റെ അകക്കാമ്പ് കാണാനായിട്ടില്ല. അവർക്ക് വേണ്ടത് വേറെ എന്തൊക്കെയാണോ എന്ന് സംശയിക്കേണ്ട സാഹചര്യമാണ്. സിജെപിക്ക് ഇന്ത്യാസഖ്യത്തിന്റെ സമരത്തിലേക്ക് വരാമായിരുന്നു. എന്തുകൊണ്ട് സമരത്തിന് വന്നില്ല, എന്താണ് പ്രശ്നം അതിൽ വലിയ ഗൂഢാലോചനയുണ്ട്. ചെറുപ്പക്കാരെ ആകർഷിക്കാൻ കഴിയുന്നതുകൊണ്ടാണ് സിജെപിക്കൊപ്പം ഇടതു വിദ്യാർത്ഥി സംഘടനകൾ സമരം ചെയ്യുന്നതും ഒപ്പം നിൽക്കുന്നതും. സമരം ചെയ്യാതിരുന്നാൽ അവരെ കാത്തുനിൽക്കേണ്ടതില്ല. എങ്ങനെ രാജ്യത്തെ സംരക്ഷിക്കണമെന്ന് ഇടതുപക്ഷത്തിന് നന്നായറിയാം. ഇന്നലെ ഡൽഹി കത്തിച്ചത് ഇടത് കുട്ടികളാണ്'.

പ്രതികരണം പരക്കെ ചർച്ചയായതോടെ ഖേദപ്രകടനവുമായി സരിൻ രംഗത്തെത്തി. ഡൽഹിയിലെ സമരമുഖത്ത് നിന്നുകൊണ്ട് ചാനലുകളോട് പ്രതികരിക്കുമ്പോൾ സിജെപിയെക്കുറിച്ച് പറഞ്ഞ അഭിപ്രായം എന്റെ പാർട്ടിയുടേതല്ല എന്നും, അത് എന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വാക്ക് പിഴവാണെന്നും ആദ്യമേ ഏറ്റു പറയട്ടെ എന്നാണ് അദ്ദേഹം ഫേസ്ബുക്ക് കുറിപ്പിൽ പറഞ്ഞത്.

കേരള സർക്കാർ രാജിവെച്ചാൽ താനും രാജിവെക്കാം, രാഹുലിനെ വെല്ലുവിളിച്ച് ഹിമന്ത ബിശ്വ ശർമ്മ

ഗുവാഹത്തി: ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾക്ക് പകരം ബാലറ്റ് പേപ്പറിലേക്ക് മടങ്ങണമെന്ന കോൺഗ്രസ് പാർട്ടി നിലപാടിനെ രൂക്ഷമായി വിമർശിച്ച് അസം മുഖ്യമന്ത്രിയും ബിജെപി നേതാവുമായ ഹിമന്ത ബിശ്വ ശർമ്മ. ഇ.വി.എം വഴി അധികാരത്തിലെത്തിയ കോൺഗ്രസ് സർക്കാരുകൾ രാജി വെക്കുകയാണെങ്കിൽ ബാലറ്റ് പേപ്പർ രീതിയിലേക്ക് മാറാൻ താൻ തയ്യാറാണെന്ന് അദ്ദേഹം വെല്ലുവിളിച്ചു.

കേരളം, കർണാടക, തെലങ്കാന ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഇ.വി.എം ഉപയോഗിച്ച് നടന്ന തെരഞ്ഞെടുപ്പുകളിലൂടെയാണ് കോൺഗ്രസ് അധികാരത്തിൽ എത്തിയത്. ഇത്തരത്തിൽ അധികാരത്തിലെത്തിയ കോൺഗ്രസ് സർക്കാരുകൾ രാജി വെച്ച് ബാലറ്റ് പേപ്പറിലൂടെ വീണ്ടും ജനവിധി തേടാൻ തയ്യാറാണെങ്കിൽ ബാലറ്റ് വോട്ടിങ്ങിനെ പിന്തുണയ്ക്കാമെന്ന് അദ്ദേഹം പറഞ്ഞു.

അസ്സം,ബംഗാൾ, ജാർഖണ്ഡ് പോലുള്ള സംസ്ഥാനങ്ങളിലെ ജനസംഖ്യയിൽ വ്യത്യാസം വന്നത് അനധികൃത കുടിയേറ്റത്തിലൂടെയാണ്. നിത്യവും ഇത് വർധിച്ചുകൊണ്ടിരിക്കുകയാണ്. വോട്ടർ പട്ടികയിൽ നിന്ന് അവരുടെ പേരുകൾ ഒഴിവാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇന്ത്യയുടെ ജനസംഖ്യ ആകെപ്പാടെ മാറും. അതിനാൽ രാജ്യത്തുണ്ടാകുന്ന ജനസംഖ്യാപരമായ മാറ്റങ്ങൾ കൃത്യമായി പരിശോധിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സ്പെഷ്യൽ സമ്മറി റിവിഷൻ പോലുള്ള നടപടികൾ ഒഴിവാക്കാനാവാത്തതാണ്. അഞ്ച് വർഷം കൂടുമ്പോൾ എസ്. ഐ.ആർ നടക്കണമെന്നാണ് താൻ ആവശ്യപ്പെടുന്നത്. എങ്കിൽ മാത്രമേ ഇന്ത്യയുടെ ജനാധിപത്യം സംരക്ഷിക്കപ്പെടുകയുള്ളൂവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

രാഹുൽ ഗാന്ധിക്കെതിരേ രൂക്ഷവിമർശനവും അദ്ദേഹം ഉന്നയിച്ചു. രാഹുലും കോൺഗ്രസും വിദേശശക്തികൾക്ക് വേണ്ടിയാണ് പ്രവർത്തിക്കുന്നത്. എല്ലാ ജനാധിപത്യസ്ഥാപനങ്ങളെയും തകർക്കാനാണ് അവരുടെ ശ്രമം. ഇന്ത്യയെ നേപ്പാളോ ബംഗ്ലാദേശോ ആക്കാനാണ് അവരുടെ ശ്രമം. ഇന്ത്യയിലെ ഭരണഘടന സ്ഥാപനങ്ങളെ അരാജകത്വത്തിലേക്ക് തള്ളിവിടാനാണ് രാഹുൽ ശ്രമിക്കുന്നത്. പൊതുജനങ്ങളുടെ പിന്തുണയില്ലാതെ ഭരണവർഗത്തെ താഴെയിറക്കാനുള്ള ശ്രമമാണ് കോൺഗ്രസിന്റെ വോട്ട് ചോരി പ്രതിഷേധമെന്നും അദ്ദേഹം ആരോപിച്ചു.

ജനങ്ങളുടെ പിന്തുണയില്ലാതെ വെറും രണ്ടായിരമോ മൂവായിരമോ ആളുകൾ മാത്രമേ രാഹുലിന്റെ ഈ പ്രതിഷേധത്തെ പിന്തുണയ്ക്കുകയുള്ളൂ. അസ്വസ്ഥരായ ഏതാനും 'ദിമാഗി നക്സലുകളാണ്' ഈ പ്രതിഷേധത്തെ ഇപ്പോൾ നയിക്കുന്നത്. ഇന്ത്യയുടെ വളർച്ച ആഗ്രഹിക്കാത്തവരാണ് അവർ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രാഹുൽ ഗാന്ധിക്ക് ആശ്വാസം

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെ നടത്തിയ പരാമർശങ്ങളുമായി ബന്ധപ്പെട്ട അപകീർത്തിക്കേസിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്ക് ആശ്വാസം. കേസിലെ വിചാരണ നടപടികൾ സുപ്രീംകോടതി താൽക്കാലികമായി സ്റ്റേ ചെയ്തു. കേസിൽ വിചാരണ തുടരാൻ അനുവദിച്ച ബോംബെ ഹൈക്കോടതി ഉത്തരവിനെ ചോദ്യം ചെയ്ത് രാഹുൽ ഗാന്ധി സമർപ്പിച്ച ഹർജി പരിഗണിക്കവെയാണ് കോടതിയുടെ നടപടി.

'ചോറോം കേ സർദാർ', 'കമാൻഡർ-ഇൻ-തീഫ്' എന്നീ പരാമർശങ്ങളിലൂടെ നരേന്ദ്ര മോദിയെ അപകീർത്തിപ്പെടുത്തിയെന്ന കേസാണ് രാഹുൽ ഗാന്ധിക്ക് എതിരെ ഉയർന്നത്. ജസ്റ്റിസുമാരായ വിക്രം നാഥ്, അപരേഷ് കുമാർ സിംഗ് എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. നാലാഴ്ചയ്ക്കകം മറുപടി നൽകണമെന്ന നിർദേശത്തോടെ കോടതി ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് അയച്ചു. അതുവരെ വിചാരണക്കോടതിയിലെ തുടർനടപടികൾ സ്റ്റേ ചെയ്യാനും ഉത്തരവിട്ടു. രാഹുൽ ഗാന്ധിക്ക് വേണ്ടി മുതിർന്ന അഭിഭാഷകൻ അഭിഷേക് മനു സിംഗ്വിയാണ് സുപ്രീംകോടതിയിൽ ഹാജരായത്.

നിര്യാതനായി

ജോസ്

പുതുക്കാട്: കച്ചറക്കൽ ഔസേപ്പ് മകൻ ജോസ് (64) നിര്യാതനായി. സംസ്കാരം പിന്നീട്.

കോടതി പരസ്യം

ബഹു. തൃശൂർ നാലാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

GOP: 100/2026

തൃശൂർ ജില്ലാ ചാവക്കാട് താലൂക്ക് വെന്മേനാട് വില്ലേജ്, തിരുനെല്ലൂർ പോസ്റ്റ് കേരാച്ചൻ വീട്ടിൽ മോഹൻദാസ് ഭാര്യ സരിത
തൃശൂർ ജില്ലാ ചാവക്കാട് താലൂക്ക് വെന്മേനാട് വില്ലേജ്, തിരുനെല്ലൂർ പോസ്റ്റ് കേരാച്ചൻ വീട്ടിൽ മോഹൻദാസ് മകൾ 9 വയസ് മൈനർ മാളവിക, Rep. by Mother 1-ാം ഹരജിക്കാരി സരിത
- ഹരജിക്കാർ

എതൃകക്ഷി -ഇല്ല

മേൽ നമ്പർ കേസിലെ 2-ാം ഹരജിക്കാരിയുടെ ഹരജിപട്ടിക വഹകളിലുള്ള ടിയാരിയുടെ അവകാശങ്ങളിൽ 1-ാം ഹരജിക്കാരിയെ ഗാർഡിയനായി നിയമിക്കുന്നതിനും മറ്റും വേണ്ടി ബോധിപ്പിച്ച മേൽ നമ്പർ കേസിൽ നോട്ടീസ് പതിച്ചുനടത്തുന്നതിനും പത്രത്തിൽ പരസ്യം ചെയ്യുന്നതിനും അനുവദിച്ച് 27-10-2026 തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുള്ളവർ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം കേസ് തീർപ്പ് കല്പിക്കുന്നതാണ് എന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 9-10-2026
ഹരജിഭാഗം അഡ്വക്കെറ്റ്
പി എസ് ഈശ്വരൻ (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

വക്കീൽ ഗുമസ്തന്മാരുടെ കോർട്ട് കോംപ്ലക്സിലെ ഓഫീസ് അഡീഷ്ണൽ ജില്ലാ ജഡ്ജി ഉദ്ഘാടനം ചെയ്തു

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുടയിലെ പുതിയ കോർട്ട് കോംപ്ലക്സിൽ വക്കീൽ ഗുമസ്ഥന്മാർക്കായി അനുവദിച്ച ഹാളിന്റെ ഉദ്ഘാടനം കേരള ലോയേഴ്സ് ക്ലർക്ക്സ് അസോസിയേഷനൻ (കെ എൽ സി എ) ഇരിങ്ങാലക്കുട യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികളോടെ നടത്തി. അഡീഷ്ണൽ ജില്ലാ & സെഷൻസ് ജഡ്ജിയും എം എ സി ടി യുമായ റെനോ ഫ്രാൻസിസ് സേവിയർ ടിനാട മുറിച്ചും ദീപം കൊളുത്തിയും ഉദ്ഘാടനം ചെയ്തു. അഡീഷ്ണൽ മുൻസിഫ് അബീന സി എച്ച് മുഖ്യാതിഥിയായി.

തുടക്കക്കാരായ അഭിഭാഷകർക്ക് മാർഗ്ഗ നിർദ്ദേശവും ഉപദേശവും നൽകുന്ന വക്കീൽ ഗുമസ്ഥന്മാർ ജുഡീഷ്യറിയുടെ അവിഭാജ്യ ഘടകമാണെന്ന് അഡീഷ്ണൽ ജില്ലാ ജഡ്ജ് റെനോ ഫ്രാൻസിസ് സേവിയറും അഡീഷ്ണൽ മുൻസിഫ് അബീനയും എടുത്തുപറഞ്ഞു.

ബാർ അസോസിയേഷൻ പ്രസിഡണ്ട് പി ജെ തോമസ്, സെക്രട്ടറി വി പി ലിസൻ, ട്രഷറർ പി എസ് സുബീഷ്, മുൻസിഫ് കോർട്ട് ജൂനിയർ സൂപ്രണ്ട് കെ എം അൻവർ, കെ എൽ സി എ സ്റ്റേറ്റ് വൈസ് പ്രസിഡണ്ട് സി ഡി പ്രദീപൻ, സ്റ്റേറ്റ് ട്രഷറർ കെ സി ഷാജു, ജില്ലാ സെക്രട്ടറി സതീശൻ തലപുലത്ത് എന്നിവർ ആശംസാ പ്രസംഗം നടത്തി. യൂണിറ്റ് പ്രസിഡണ്ട് സി ടി ശശിയുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ സെക്രട്ടറി പി സി രാജീവ് സ്വാഗതവും ജോ. സെക്രട്ടറി കെ പി പ്രബിത നന്ദിയും പറഞ്ഞു.

വക്കീൽ ഗുമസ്ഥന്മാർക്ക് മനോഹരായഹാൾ ലഭിക്കുന്നതിന് അഡീഷ്ണൽ ജില്ലാ ജഡ്ജെി റെനോ ഫ്രാൻസിസ് സേവിയർ ചെയ്ത സേവനങ്ങൾക്ക് കെ എൽ സി എ ഭാരവാഹികൾ ആത്മാർത്ഥമായ നന്ദി അറിയിച്ചു.

ജൂനിയർ റെഡ് ക്രോസ് കുന്നംകുളം ഉപജില്ലാതലത്തിൽ നടത്തിയ ക്വിസ് മത്സരത്തിൽ വെസ്റ്റ് മങ്ങാട് സെൻറ് ജോസഫ് ആൻഡ് സെന്റ് സിറിൾ ഹയർ സെക്കൻഡറി സ്കൂളിലെ ജിനോ സി.ജെയ്സൺ , അന്ന ടി.ഷിജു എന്നിവർ ജേതാക്കളായി. ചൊവ്വന്നൂർ സെൻ മേരിസ് ഗേൾസ് ഹൈസ്കൂളിലാണ് മത്സരം നടന്നത് . ഉപജില്ലയിലെ പതിനൊന്ന് വിദ്യാലയങ്ങൾ പങ്കെടുത്ത മത്സരത്തിൽ ചൊവ്വന്നൂർ ഗേൾസ് ഹൈസ്കൂൾ രണ്ടാം സ്ഥാനവും എരുമപ്പെട്ടി ഗവൺമെൻ ഹയർ സെക്കൻഡറി സ്കൂൾ മൂന്നാം സ്ഥാനവും നേടി.

ഓർമ്മകൾക്ക് ചിറകുനൽകി മുൻ അധ്യാപക സംഗമം

സെന്റ് ജോസഫ് കോളേജിൽ പ്രായം മറന്ന് കലാവിരുന്നൊരുക്കി വിരമിച്ച അധ്യാപകർ

ഇരിങ്ങാലക്കുട: കാലം പിന്നിട്ടാലും മായാത്ത ചില ഓർമ്മകളുണ്ട്. സൗഹൃദത്തിന്റെയും അധ്യാപകജീവിതത്തിന്റെയും മധുരം ഹൃദയത്തിൽ സൂക്ഷിക്കുന്ന അത്തരം ഓർമ്മകൾക്ക് വീണ്ടും ചിറകുനൽകിയ വേദിയായി ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജ് ഓഡിറ്റോറിയം മാറി. കോളേജിൽ നിന്ന് വിരമിച്ച അധ്യാപകരുടെ വാർഷിക സംഗമം ഒക്ടോബർ രണ്ടിന് സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും കലാവിരുന്നിന്റെയും മനോഹര നിമിഷങ്ങളായി മാറി.

ഒരിക്കൽ തങ്ങളുടെ പ്രിയപ്പെട്ട വിദ്യാർത്ഥികളുടെ വിവിധ കലാപ്രകടനങ്ങൾക്ക് കൈയടിച്ച അതേ വേദിയിൽ, ഇത്തവണ അധ്യാപകർ തന്നെയാണ് കലാകാരന്മാരായി അണിനിരന്നത്. ഒരേ വേഷവിധാനത്തിൽ അണിഞ്ഞൊരുങ്ങി, പ്രായത്തെ പിറകിലാക്കി ചുറുചുറുക്കോടെ അരങ്ങിലെത്തിയ അധ്യാപകരുടെ നൃത്തം സദസ്സിൽ കൗതുകവും ആനന്ദവും നിറച്ചു. “പ്രായം ശരീരത്തിനാണ്; മനസ്സിന് അതിരുകളില്ല” എന്ന സന്ദേശം പകർന്നുനൽകുന്നതായിരുന്നു അവരുടെ ഓരോ ചുവടുകളും.

നൃത്തത്തിനൊപ്പം സ്കിറ്റ്, ഗ്രൂപ്പ് മ്യൂസിക് തുടങ്ങിയ പരിപാടികളും അരങ്ങേറി. ചിരിയും കൈയടിയും പഴയ ഓർമ്മകളും നിറഞ്ഞ അന്തരീക്ഷത്തിൽ, വർഷങ്ങൾക്കപ്പുറവും അധ്യാപകഹൃദയങ്ങളിലെ സൗഹൃദത്തിന് യൗവനം നഷ്ടപ്പെട്ടിട്ടില്ലെന്ന് സംഗമം തെളിയിച്ചു.

സദ്യയും പായസവും മധുരപലഹാരങ്ങളും പങ്കുവെച്ച്, പഴയകാല സൗഹൃദങ്ങളും അനുഭവങ്ങളും പുതുക്കിയ സംഗമം ഹൃദയസ്പർശിയായ ഒരു സ്നേഹവിരുന്നായി മാറി.

ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. സിസ്റ്റർ ബ്ലെസി അധ്യക്ഷത വഹിച്ചു. റിട്ടയേർഡ് ഫാക്കൽറ്റി ഗ്രൂപ്പ് വൈസ് പ്രസിഡന്റ് ഡോക്ടർ ജാൻസി ഡേവി സ്വാഗതം ആശംസിച്ചു. സെക്രട്ടറി പ്രൊഫ. ആനി ജോസഫ് റിപ്പോർട്ട് അവതരിപ്പിച്ചു. ഡോ. സിസ്റ്റർ ക്രിസ്റ്റി അക്കൗണ്ട് അവതരിപ്പിച്ചു.

റിട്ടയേർഡ് ഫാക്കൽറ്റിയിലെ ഏറ്റവും മുതിർന്ന അംഗമായ 96 വയസ്സുള്ള സിസ്റ്റർ ജോഷ്വാ മുതൽ കഴിഞ്ഞ വർഷം വിരമിച്ച അധ്യാപകർ വരെയുള്ളവർ സംഗമത്തിൽ പങ്കെടുത്തു. തലമുറകളുടെ ഈ സംഗമത്തിൽ അധ്യാപകജീവിതത്തിന്റെ വിലയേറിയ അനുഭവങ്ങളും മറക്കാനാവാത്ത ഓർമ്മകളും വീണ്ടും പങ്കുവെക്കപ്പെട്ടു.

മദർ മേരി പാസ്റ്റർ, ഡോ. സിസ്റ്റർ രഞ്ജന ഡോക്ടർസിസ്റ്റർ റോസ് ബാസ്റ്റ്യൻഎന്നിവർ തങ്ങളുടെ ഓർമ്മകൾ പങ്കുവെച്ചു. പ്രൊഫ. മേരി അഗസ്റ്റിൻ നന്ദി രേഖപ്പെടുത്തി.

വിദ്യാർത്ഥികളുടെ ചിരിയും ചുവടുകളും ഒരിക്കൽ നിറഞ്ഞുനിന്ന അതേ ഓഡിറ്റോറിയത്തിൽ, വർഷങ്ങൾക്കുശേഷം അധ്യാപകരുടെ ചിരിയും ചുവടുകളും സംഗീതവും വീണ്ടും നിറഞ്ഞപ്പോൾ അത് ഒരു സാധാരണ സംഗമം മാത്രമായിരുന്നില്ല കാലത്തെ അതിജീവിച്ച സൗഹൃദത്തിന്റെയും ഓർമ്മകളുടെയും സ്നേഹത്തിന്റെയും മനോഹരമായ തിരിച്ചുവരവായിരുന്നു.

മത്സരത്തിന്റെ ഉദ്ഘാടനം പ്രധാനാദ്ധ്യാപിക ക ആർ ലേഖ നിർവ്വഹിച്ചു. പി ടി എ പ്രസിഡണ്ട് ഇന്ദ്രജിത്ത് അധ്യക്ഷത വഹിച്ചു.

വീണ്ടും പുലിയിറങ്ങി മൂരിക്കുട്ടിയെ കൊന്നു

പാലപ്പിള്ളി: നാടേൻപാടം ജനവാസമേഖലയലിവീണ്ടും പുലിയിറങ്ങി മൂരിക്കുട്ടിയെ കൊന്നു. ചിമ്മിനി ഡാമിന് ചേർന്നുള്ള റബ്ബർതോട്ടത്തിലാണ് മൂരിക്കുട്ടിയുടെ ജഡം കണ്ടത്.

ടോൾ തുറന്നത് ഭരണകൂട വഞ്ചന – വെൽഫെയർ പാർട്ടി പ്രവർത്തകർ ടോൾപ്ലാസ ഉപരോധിച്ചു

നാട്ടിക: നാട്ടിക ടോൾ പ്ലാസ വീണ്ടും തുറന്ന് പ്രവർത്തനമാരംഭിച്ചത് ഭരണകൂട വഞ്ചനയാണെന്ന് വെൽഫെയർ പാർട്ടി. ജനങ്ങളെയും സാമൂഹ്യ സംവിധാനങ്ങളെയും ധിക്കരിച്ചുകൊണ്ടാണ് അനധികൃതമായ ടോൾ പിരിവ് വീണ്ടും ആരംഭിച്ചിട്ടുള്ളത്. ഈ ജനവിരുദ്ധ നടപടിക്കെതിരെ ശക്തമായ പോരാട്ടം തുടരുമെന്നും വെൽഫെയർ പാർട്ടി ജില്ലാ വൈസ് പ്രസിഡന്റ് ഇ.എ. റഷീദ് മാസ്റ്റർ പറഞ്ഞു. ടോൾ വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിൽ പ്രതിഷേധിച്ച് വെൽഫെയർ പാർട്ടി പ്രവർത്തകർ നടത്തിയ ടോൾ പ്ലാസ ഉപരോധത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ വൈസ് പ്രസിഡന്റ് സരസ്വതി വലപ്പാട്, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ കെ.കെ ഷാജഹാൻ, നവാസ് എടവിലങ്ങ്, കെ. എസ്, ജില്ലാ കമ്മിറ്റിഅംഗം റഫീഖ് കാതിക്കോട് നാട്ടിക മണ്ഡലം സെക്രട്ടറി അസ്ലം എന്നിവർ സംസാരിച്ചു.

COURT NOTICE

BEFORE THE HONOURABLE MOTOR ACCIDENTS CLAIMS TRIBUNAL IRINJALAKUDA

OP (MV): 606 / 2021

Petitioner

Vaisakh, 38 Years, S/o Mani, Kottumpulli House, Kavilpadam, Kavil Desom, Kodakara Village, Chalakuudy Thaluk, Kodakara P.O, Pin 680684

1st RESPONDENT:

Vijayan, 64 Years, S/o Ramakrishnan Palaparambil House, Aloor desom, Aloor village Aloor P.O., Pin 680683 (Driver of the KL-08-4465 quailis Vehicle)

മേൽ നമ്പ്രിൽ 1-ാം എതിർകക്ഷിക്കുള്ള നോട്ടീസ് പതിച്ചു നടത്താൻ ബോധിപ്പിച്ച ഹർജി അനുവദിച്ച് കേസ് **12-11-2026** തിയ്യതിക്ക് വച്ചിരിക്കുന്നു. ടി ഹർജിക്കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ താങ്കൾ അന്നേ ദിവസം പകൽ 11 മണിക്ക് മേൽ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്ത പക്ഷം താങ്കളെ കൂടാതെ കേസ് തീർപ്പാക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 12-10-2026
ഹർജി ഭാഗം അഡ്വക്കെറ്റ്
എ. എ. ബിജു (ഒപ്പ്)

ഭരണകൂടം നഗ്നരാകുന്നു: മീര

ലിറ്ററേച്ചർ ഫെസ്റ്റ്
പുസ്തകോത്സവം

തൃശൂർ: ദൽഹി പ്രക്ഷോഭത്തിൽ മാതപോലീസ് യുവതികളെ വസ്ത്രാക്ഷേപം ചെയ്തതിലൂടെ,നഗ്നരാകുന്നത് ഭരണകൂടമാണെന്ന് - സാഹിത്യകാരി കെ.ആർ.മീര അഭിപ്രായപ്പെട്ടു.സമൂഹം നഗ്നമാകാതിരിക്കാൻ അതീവ ജാഗ്രത വേണമെന്നും അതിന് വായന വഴിയാണെന്നും മീര പറഞ്ഞു

തൃശൂർ ജില്ലാലൈബ്രറി കൗൺസിൽ സാഹിത്യോത്സവം -പന്തകോത്സവം തൃശൂർ കൗസ്തുഭം അങ്കണത്തിൽ ഉൽഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മീര.

ജില്ലാ പ്രസിഡണ്ട് പ്രഫ: എം. ഹരിദാസ് അധ്യക്ഷത വഹിച്ചു.പി.കെ.ഗോപി കൃഷ്ണൻ പ്രഭാഷണം ചെയ്തു. ഡോ ധർമ രാജ് അടാട്ട്/വി മുരളി / എം.രാജേഷ്, ഹാരി ഫാ ബി- തുടങ്ങിയവർ പ്രസംഗിച്ചു.

തൃശ്ശൂർ ലിറ്ററേച്ചർ ഫെസ്റ്റ് 2026

തൃശ്ശൂർ: അവാർഡുകൾക്ക് പുറകെ പോകുന്നത് ഇന്നത്തെ സാഹിത്യ കാരന്മാരുടെ ദുരന്തമെന്ന് എഴുത്തുകാരും വായനക്കാരും തമ്മിലുള്ള സംവാദത്തിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

തൃശൂർ ജില്ല ലൈബ്രറി കൗൺസിൽ കൗസ്തുഭം ഹാളിൽ സംഘടിപ്പിച്ച തൃശ്ശൂർ ലിറ്ററേച്ചർ ഫെസ്റ്റ് – പുസ്തകോത്സവത്തിന്റെ ഭാഗമായിരുന്നു സംവാദം.

എഴുത്തുകാരന്റെ ആത്മസംഘർഷമാണ് രചനകളായി മാറുന്നത്. അതിലൂടെ സാമൂഹ്യ മാറ്റത്തിന്റെ വഴികളും തുറക്കും. സാഹിത്യകാരന്മാരുടെ രചനകൾ അവരവർ തന്നെ വിൽപ്പനയ്ക്ക് അവസരമുള്ളതാക്കി മാറ്റുന്ന സ്ഥിതി മാറ്റപ്പെടേണ്ടതാണെന്നും സംവാദം വിലയിരുത്തി.

അശോകൻ ചരുവിൽ, ജിസ ജോസ്, ഷീല ടോമി, അഷ്ടമൂർത്തി എന്നീ എഴുത്തുകാർ വായനക്കാരുമായി സംവദിച്ചു. വി.വി.ചിദംബരൻ മാസ്റ്റർ മോഡറേറ്ററായി. ഇ.ആർ.ശാസ്ത്രശർമ്മൻ, പി.കെ. വത്സൻ, പ്രൊഫ.എം.ഹരിദാസ്, രാജൻ എലവത്തൂർ, വിനീതറാണി.ജി.എസ്. എന്നിവർ സംസാരിച്ചു.

പ്രതിഷേധ ധർണ്ണ

മണ്ണുത്തി: രാഹുൽ ഗാന്ധിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടും ചീഫ് ഇലക്ഷൻ കമ്മീഷണറെ പുറത്താക്കണമെന്നും ആവശ്യപെട്ട് പടിഞ്ഞാറെ വെള്ളാനിക്കരയിൽ കോൺഗ്രസ്സംഘടിപ്പിച്ച പ്രതിഷേധ ധർണ്ണ പാണഞ്ചേരി ബ്ലോക്ക് കോൺഗ്രസ്ജനറൽ സെക്രട്ടി വി സുകുമാരൻ മാസ്റ്റർ ഉൽഘാടനം ചെയ്തു. പാണഞ്ചേരി ബ്ലോക്ക് കോൺഗ്രസ് ട്രഷറർ എൻ. എസ് നൗഷാദ് മാസ്റ്റർ മുഖ്യപ്രഭാഷണം നടത്തി. പടിഞ്ഞാറെ വെള്ളാനിക്കര ബൂത്ത് പ്രസിഡണ്ട് സന്തോഷ വെള്ളൂർ, യൂത്ത് കോൺഗ്രസ് ഒല്ലൂർ നിയോജക മണ്ഡലം ജനറൽ സെക്രട്ടറി നിഖിൽ ദേവ്, ഉണ്ണികൃഷ്ണൻ എ.കെ. യോഹന്നാൻ കെ. ആർ സുധാകരൻ ലിന്റോ കെ എന്നിവർ നേതൃത്വംനൽകി.

വടക്കാഞ്ചേരി: പെട്രോൾ പമ്പിനു മുന്നിൽ വെച്ച് 12 ചക്രമുള്ള ടോറസ് ലോറിയുടെ ടയർ പൊട്ടിയ തുടർന്ന് ഡീസൽ ടാങ്കർ തകർന്ന് ടാങ്കിന്റെ മോഡി തെറിച്ച് സ്വകാര്യ കാറിന്റെ ഗ്ലാസ് തകർന്നു. ഇന്ന് രാവിലെ 9 മണിക്ക് ആണ് അപകടമുണ്ടായത് ആർക്കും പരിക്കേറ്റില്ല. 300 ഡീസൽ റോഡിൽ ഒഴുകിപ്പോയി. ഡീസൽ റോഡിൽ ഒഴുകിയതിന തുടർന്ന് റോഡിൽ രണ്ട് ടൂവീലർ യാത്രക്കാർ വഴിക്ക് വീണു. ഷൊർണൂർ-തൃശ്ശൂർ റോഡ് അരമണിക്കൂർ ഗതാഗതം തടസ്സപ്പെട്ടു. ചേലക്കരയിൽ നിന്ന് അങ്കമാലിക്ക് കല്ല് കൊണ്ടുപോകുന്ന ടോറസ് ലോറിയാണ് അപകടത്തിൽപ്പെട്ടത്.

നാട്ടിക ടോൾ പ്ലാസയുടെ അന്യായ പിരിവ് തടയാൻ ജില്ലാ കളക്ടർ നിയമ നടപടി സ്വീകരിക്കണം: കേരള കോൺഗ്രസ്

തൃശൂർ: ദേശീയപാത നാട്ടിക 66 നിർമാണ പ്രവർത്തനങ്ങൾ നിരവധി പൂർത്തീകരിക്കാൻ ബാക്കിയുള്ളപ്പോൾ ടോൾ പ്ലാസയിൽ ടോൾ പിരിക്കാനുള്ള നിയമവിരുദ്ധ തീരുമാനം, ജില്ലാ മജിസ്ട്രേറ്റിൻറെ അധികാരം ഉപയോഗിച്ച് തടയുന്നതിന് ജില്ലാ കലക്ടർ തയ്യാറാകണമെന്ന് കേരള കോൺഗ്രസ് ജില്ലാ കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. ടോൾ പിരിവ് നിർത്തലാക്കികൊണ്ട് തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി നൽകിയ ഉത്തരവ്പോലും അട്ടിമറിക്കാനുള്ള ഗൂഢാലോചന ഉണ്ടായത് നിർഭാഗ്യകരമാണെന്ന് യോഗം ചൂണ്ടിക്കാട്ടി.

കേരള കോൺഗ്രസ് പാർട്ടിയുടെ മെമ്പർഷിപ്പ് ക്യാമ്പയിൻ ഉദ്ഘാടനം സംസ്ഥാന വൈസ് ചെയർമാൻ എം.പി. പോളി, ടൗൺ മണ്ഡലം പ്രസിഡണ്ട് ലാസ് കെ. ജെയിംസിന് മെമ്പർഷിപ്പ് നൽകി യോഗത്തിൽ നിർവഹിച്ചു. യോഗത്തിൽ ജില്ലാ പ്രസിഡണ്ട് സി.വി. കുരിയാക്കോസ് അധ്യക്ഷത വഹിച്ചു.

മെമ്പർഷിപ്പ് ക്യാമ്പയിൻ പ്രചരണ പോസ്റ്റർ പ്രകാശനം ചെയ്തു. യോഗത്തിൽ സംസ്ഥാന ഉന്നത അധികാര സമിതി അംഗം ജോൺസൺ കാഞ്ഞിരത്തിങ്കൽ, സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് അജി ഫ്രാൻസിസ്, ഇട്ട്യേച്ചൻ തരകൻ, തോമസ് ആൻറണി, സി.ജെ. വിൻസൻറ്, അൻസൽ കെ ഡേവിസ്, ജോബി ആലപ്പാട്, ഡേവിസ് പാറേക്കാട്ട്, എൻ.ജെ. ലിയോ, തോമസ് ചിറമേൽ, ജോൺ കള്ളിയത്ത്, ബാബു സി. ടി., ലിൻറി ഷിജു, ജോസഫ് കാരക്കട, സി പി.ജോസഫ്, എം. എൻ. ഗോപി, കെ. ജെ. മെജോ, ശശി പഞ്ചാവടി, പാറേക്കാട്ട് ഡൊമിനിക്, സുനിലൻ കണ്ടിരുത്തി, ജോസഫ് വടക്കൻ, ഡോക്ടർ സ്റ്റാൻലി വാഴപ്പള്ളി, അഡ്വക്കേറ്റ് കെ.വി. സെബാസ്റ്റ്യൻ, പീറ്റർ പാറേക്കാട്ട്, എം.ഐ. ഇസ്മയിൽ, റോസിലി ഫ്രാൻസിസ്, സന്ദീപ് ഗോപി, സെബാസ്റ്റ്യൻ ജോസ്, പി.കെ. സതീഷ് തുടങ്ങിയവർ സംസാരിച്ചു. 13 നിയോജകമണ്ഡലം കമ്മിറ്റികൾക്കും മെമ്പർഷിപ്പ് കൈമാറി.

കേരള കോൺഗ്രസ് മെമ്പർഷിപ്പ് ക്യാമ്പയിൻ ഭാഗമായുള്ള പോസ്റ്റർ സംസ്ഥാന വൈസ് ചെയർമാൻ എം.പി. പോളി, ജില്ലാ പ്രസിഡണ്ട് സി.വി. കുരിയാക്കോസ് എന്നിവർ ചേർന്ന് പ്രകാശനം ചെയ്യുന്നു.

മാനദണ്ഡങ്ങൾ പാലിക്കാത്ത ഹോസ്റ്റലുകൾക്കെതിരെ ഉത്തരവാദിത്തപ്പെട്ടവർ നടപടിയെടുക്കണം

ഇരിങ്ങാലക്കുട: പ്രദേശവാസികൾക്ക് സ്വന്തം സ്ഥലത്ത് താമസിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിൽ ഹോസ്റ്റലുകളുടെ മറവിൽ നടക്കുന്ന ഗുണ്ടാ വിളയാട്ടങ്ങളും, സംഘം ചേരലും, അഭ്യാസങ്ങളും പൊതു ജനശല്ല്യമായി മാറികൊണ്ടിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ ഹോസ്റ്റലുകളുടെ നടത്തിപ്പിൽ നിയമപരമായ കൃത്യത നടപ്പിൽ വരുത്തണമെന്ന് ഇരിങ്ങാലക്കുട ക്രൈസ്റ്റ് നഗർ റെസിഡന്റ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു. മുനിസിപ്പാലിറ്റിയും, ഹെൽത്ത് ഡിപ്പാർട്ട്മെന്റും, പോലീസും ചട്ടങ്ങൾക്കനുസരിച്ച് പരിസര സൗഹാർദ്ദമായി മുന്നോട്ട് പോകേണ്ട ഹോസ്റ്റൽ സംവിധാനങ്ങൾ നിരുത്തരവാദപരമായി പ്രവർത്തിക്കുന്നത് അംഗീകരിക്കാനാവില്ലെന്ന് CNRA ഭാരവാഹികൾ പറഞ്ഞു. കഴിഞ്ഞ ദിവസം റെസിഡന്റ്സിലെ ഒരു ഗൃഹനാഥന് നേരെ അക്രമണം നടന്നിരുന്നു. പ്രസ്തുത കേസിൽ വധശ്രമം അടക്കമുള്ള വകുപ്പ് പ്രകാരം കേസെടുത്ത് അറസ്റ്റ് രേഖപെടുത്തിയിട്ടുണ്ട്. 5 മുതൽ 10 വരെ കുട്ടികൾക്ക് താമസിക്കാവുന്ന വീടുകളിൽ ലേമ്പർ ക്യാമ്പുകൾ പോലെ 20 മുതൽ 30 ഓളം കുട്ടികളെ യൊണ് താമസിപ്പിച്ച് വരുന്നതെന്നും, സമയക്രമമോ, വാർഡനോ ഇല്ലാത്ത തിനാൽ അസമയത്തും കുട്ടികൾ കറങ്ങി നടക്കുന്നതിന് ഇടവരുത്തുകയും, ഹോസ്റ്റലിനോട് സമീപമുള്ള സ്ഥലങ്ങളിൽ സംഘം ചേരുകയും, ലഹരി ഉപയോഗവും, ശബ്ദ കോലാഹലങ്ങളും റെസിഡന്റ്റസ് മേഖലയിൽ ജനങ്ങളുടെ സമാധാനത്തിനും സുരക്ഷിതത്വത്തിനും തടസം സൃഷ്ടിക്കുകയും ചെയ്യുന്നത് ഗൗരവതരമായ വിഷയമാണെന്നും, CNRA റെസിഡന്റ്സ് പരിധിയിൽ തന്നെ പതിമൂന്നോളം ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. ഒട്ടുമിക്ക വീടുകളിലും ഉടമസ്ഥനോ, ഉത്തരവാദിത്വപ്പെട്ടവരോ താമസിക്കുന്നില്ല എന്നുള്ളതും, കുട്ടികൾക്ക് ഉന്നത വിദ്യഭ്യാസത്തിനുള്ള പഠന സൗകര്യങ്ങളും സമാധാന അന്തരീക്ഷവും താമസ സ്ഥലത്ത് സജ്ജ മാക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വമായി കണ്ട് അധികാരികൾ സത്വര നടപടികൾ കൈകൊള്ളണമെന്നും ഭാരവാഹികൾ ആവശ്യപ്പെട്ടു. ഇചണഅ പ്രസിഡണ്ട് ഷാജു കണ്ടംകുളത്തി, സെക്രട്ടറി തോംസൺ ചിരിയങ്കണ്ടത്ത്, ഭാരവാഹികളായ മാത്യു ജോർജ്ജ്, ബെന്നി പള്ളായി, ഡേവിസ് ഊക്കൻ, സക്കീർ ഓലക്കോട്ട്, വിജു വർഗ്ഗീസ്, ജെയ്മോൻ അമ്പൂക്കൻ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

ഡിജിറ്റൽ യുഗത്തിലും കത്തുകളുടെ വസന്തം തീർത്ത് വിദ്യാർത്ഥികൾ; നാഷണൽ എച്ച്.എസ്.എസ് എൽ.പി സ്കൂളിൽ കത്തെഴുത്ത് മത്സരം സംഘടിപ്പിച്ചു

ഇന്ത്യൻ പോസ്റ്റൽ ദിനം 2026
കത്തെഴുത്ത് മത്സരം
ക്ലാസ് 1 മുതൽ 4 വരെ വിദ്യാർത്ഥികൾക്ക്
വിഷയം
പ്രിയപ്പെട്ട എനിക്ക്
LPS of National HSS Irinjalakuda
01 ഒക്ടോബർ 2026
LPS OF NATIONAL HIGHER SECONDARY SCHOOL IRINJALAKUDA
ലോക തപാൽ ദിനം
WORLD POST DAY
— OCTOBER 9 —
INDIA POST
Happy World Post Day!

ഇരിങ്ങാലക്കുട: കമ്പ്യൂട്ടർ കീബോർഡുകളും മൊബൈൽ സ്ക്രീനുകളും ഭരിക്കുന്ന ആധുനിക ഡിജിറ്റൽ യുഗത്തിലും, കൈപ്പടയിൽ എഴുതുന്ന കത്തുകളുടെ പ്രാധാന്യവും വൈകാരികതയും ഓർമ്മിപ്പിച്ചുകൊണ്ട് ഇരിങ്ങാലക്കുട നാഷണൽ ഹയർ സെക്കൻഡറി സ്കൂൾ എൽ.പി വിഭാഗത്തിൽ കത്തെഴുത്ത് മത്സരം സംഘടിപ്പിച്ചു. ദേശീയ തപാൽ ദിനാചരണത്തിന്റെ (ചമശേീിമഹ ജീേമഹ ഉമ്യ 2026) ഭാഗമായാണ് വിദ്യാർത്ഥികൾക്കായി ഈ വേറിട്ട മത്സരം ഒരുക്കിയത്.

‘പ്രിയപ്പെട്ട എനിക്ക്...’ എന്ന ചിന്തോദ്ദീപകമായ വിഷയത്തിലാണ് ഇത്തവണ മത്സരം നടന്നത്. മറ്റുള്ളവർക്ക് കത്തുകൾ എഴുതുന്ന പതിവുരീതിയിൽ നിന്ന് മാറി, സ്വന്തം ഉള്ളിലേക്ക് നോക്കാനും തന്റെ തന്നെ നല്ല വശങ്ങളെയും ഭാവി സ്വപ്നങ്ങളെയും കുറിച്ച് തനിക്ക് തന്നെ കത്തെഴുതാനുമുള്ള ഈ അവസരം വിദ്യാർത്ഥികൾക്ക് പുതിയൊരു അനുഭവമായി.

എ.ടി.എം; 10000 രൂപ ലഭിച്ചില്ല,

50000 രൂപ നഷ്ടമടക്കം ബാങ്ക് 70000 രൂപ നൽകണമെന്ന് വിധി

തൃശൂർ: എ.ടി.എം ൽ നിന്ന് പണം എടുക്കുവാൻ ശ്രമിച്ച് ലഭിക്കാതിരുന്നതിനെത്തുടർന്ന് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി. തൃശൂർ കിള്ളിമംഗലം സ്വദേശി കാർത്തികയിലെ രവീന്ദ്രൻ നായർ ഫയൽ ചെയ്ത ഹർജിയിലാണ് ബാങ്ക് ഓഫ് ഇന്ത്യയുടെ തൃശൂർ ചേലക്കര ബ്രാഞ്ച് മാനേജർക്കെതിരെ ഇപ്രകാരം വിധിയായത്.രവീന്ദ്രൻ നായർ എ.ടി.എം.മുഖേനെ 10000 രൂപ എടുക്കുവാൻ ശ്രമിച്ചുവെങ്കിലും പണം ലഭിക്കുകയുണ്ടായില്ല.എന്നാൽ രവീന്ദ്രൻ നായരുടെ എക്കൗണ്ടിൽ നിന്ന് 10000 രൂപ നഷ്ടപ്പെട്ടിരുന്നു.തുടർന്ന് ഹർജി ഫയൽ ചെയ്യുകയാണുണ്ടായത്.ഹർജിക്കാരന്റെ എക്കൗണ്ടിൽ നിന്ന് 10000 രൂപ എ.ടി.എം. ഇടപാടിലൂടെ നഷ്ടപ്പെട്ടത് തെളിവുകളിലൂടെ സ്ഥിരീകരിക്കപ്പെടുകയുണ്ടായി.എന്നാൽ ഹർജിക്കാരന് എ.ടി.എം. ഇടപാടിലൂടെ പണം ലഭിച്ചു എന്നായിരുന്നു ബാങ്കിന്റെ വാദം. എന്നാൽ ഇത് സാധൂകരിക്കുന്നതിനുള്ള തെളിവുകൾ ബാങ്കിന് ഹാജരാക്കുവാനായില്ല. ബാങ്കിന്റെ പ്രവൃത്തി സേവനത്തിലെ വീഴ്ചയും അനുചിത കച്ചവട ഇടപാടുമാണെന്ന് വിലയിരുത്തിയ പ്രസിഡണ്ട് സി.ടി.സാബു മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി, ഹർജിക്കാരന് എ.ടി.എം. ഇടപാടിലൂടെ ലഭിക്കാതിരുന്ന 10000 രൂപയും നഷ്ടപരിഹാരമായി 50000 രൂപയും ചിലവിലേക്ക് 10000 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി. ബെന്നി ഹാജരായി വാദം നടത്തി.

സ്വർണവില കുറഞ്ഞു

തൃശ്ശൂർ: സംസ്ഥാനത്ത് സ്വർണവിലയിൽ വീണ്ടും ഇടിവ്. ഒരു ഗ്രാമിന് 35രൂപ കുറഞ്ഞ് 13,685 രൂപയും.പവന് 280 രൂപ കുറഞ്ഞ് 1,09,480രൂപയും ആയി.

ആഴ്ചച്ചന്ത

തൃശൂർ ചെമ്പൂക്കാവ് അഗ്രികൾച്ചറൽ കോംപ്ലക്സ്: തൃശൂർ കൃഷിഭവനിലെ കർഷകരുടെ ആഴ്ചച്ചന്ത. ഇന്ന് 9 മുതൽ 5 വരെ.

നവരാത്രി നൃത്ത സംഗീതോത്സവം

ഇരിങ്ങാലക്കുട: ശ്രീകുടൽ മാണിക്യം ക്ഷേത്രത്തിൻറെ കിഴക്കേ ഗോപുര നടയിൽ പ്രത്യേകം സജ്ജമാക്കിയ കലാസംഗമ സരസ്വതി മണ്ഡപത്തിൽ നവരാത്രി സംഗീതോത്സവത്തിന് തുടക്കമായി. ദേവസ്വം ചെയർ പേഴ്സൺ അഡ്വ സി കെ ഗോപി അധ്യക്ഷത വഹിച്ച ചടങ്ങിൽ കേന്ദ്ര സംഗീത നാടക അക്കാദമി കൂടിയാട്ടം പ്രോജക്ട് ഡയറക്ടർ ഡോക്ടർ രജനീഷ് ചാക്യാർ ഉദ്ഘാടനം നിർവഹിച്ചു. ദേവസ്വം മെമ്പർമാരായ അഡ്വക്കേറ്റ് കെ.ജി. അജയ്കുമാർ സ്വാഗതവും ഡോക്ടർ മുരളി ഹരിതം ആമുഖ ഭാഷണവും നടത്തി. ദേവസ്വം മെമ്പർ രാഘവൻ മുളങ്ങാടൻ നന്ദിയും പറഞ്ഞു. ഒക്ടോബർ 21 -ാം തീയതി വരെ എല്ലാദിവസവും വൈകുന്നേരം 5 മണി മുതൽ നവരാത്രി നൃത്ത സംഗീതോത്സവം നടക്കും.

TRICHUR DISTRICT CO-OPERATIVE HOSPITAL LTD NO.R .306
E-Mail: cooperativehospitaltcr@gmail.com

ഹോസ്റ്റൽ വാടകയ്ക്ക് ആവശ്യമുണ്ട്

തൃശൂർ ജില്ലാ സഹകരണ ആശുപത്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന നേഴ്സിംഗ് സ്കൂളിന് തൃശൂർ നഗര പരിധിയിൽ വാടകയ്ക്ക് ഹോസ്റ്റൽ സൗകര്യം ആവശ്യമുണ്ട്. ടി സൗകര്യമുള്ളവർ ആശുപത്രി ഓഫീസുമായി ബന്ധപ്പെടുക.

സെക്രട്ടറി
Ph No: 9656333588